**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 581**
**06.02..2013- ലെ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്**

ചോദ്യം
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ,**
**ശ്രീ. ജി. സുധാകരൻ,**
**ശ്രീ. ടി. വി. രാജേഷ്**
**ഡോ. കെ. ടി. ജലീൽ**

ഉത്തരം
**ശ്രീ. കെ. എം. മാണി**
**(ബഹു. ധനകാര്യവും നിയമവും**
**ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും 2013 ജനുവരി 8 മുതൽ നടത്തിയ അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ വകുപ്പുമന്ത്രിയും സംഘടനാ നേതാക്കളുമായി നടത്തിയ ഒത്തുതീർപ്പ് ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ജനുവരി 13ന് നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചർച്ചയിൽ സർക്കാർ സംഘടനകൾക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണ്? | |
| (സി) | പ്രസ്തുത ഉറപ്പുകൾ നടപ്പിലാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്? | ഇതിനോടനുബന്ധിച്ച് കെ. എസ്. ആർ, പാർട്ട് III ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ NPS ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറികൂടി ഉൾപ്പെടുത്തുന്നതിനായി PFRDA യ്ക്ക് കത്തെഴുതുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ഇതു സംബന്ധമായി ഇതിനകം ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ? | ഇല്ല |
| (ഇ) | എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | ബാധകമല്ല |
| (എഫ്) | ഇല്ലെങ്കിൽ ഉറപ്പുകൾ പാലിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? വിശദമാക്കുമോ? | |

Saijarah

സെക്ഷൻ ഓഫീസർ.

**2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സ്**

2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി:

(1) 2013 ഏപ്രിൽ 1ന് ശേഷം NPS നടപ്പിലാക്കിക്കഴിയുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം, അത് പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്. കുറഞ്ഞ വേതനവും സേവനകാലവുമുള്ള ജീവനക്കാരുടെ കാര്യം സംഘടനകൾ സൂചിപ്പിക്കുകയുണ്ടായി.

(2) മിനിമം റിട്ടേൺ, EPF പെൻഷനിൽ കുറവുവരാൻ പാടില്ല എന്ന് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. PFRDA ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.

(3) NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ PFRDA ക്ക് എഴുതുന്നതാണ്.

(4) 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരും എന്ന് വീണ്ടും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(5) സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുന:പരിശോധിക്കുന്നതാണ്. ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണ്.

Baijuraj

സെക്ഷൻ ഓഫീസർ